കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 15 | 2023 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


# സന്നിധാനത്തേക്ക് ഇടമുറിയാതെ ഭക്തജന പ്രവാഹം; തിരുവാഭരണ ദർശനം 19 വരെ

മകരവിളക്ക് ദർശനത്തിനെത്തിയ ഭക്തർ കൺനിറയെ തൊഴുത് മനം നിറഞ്ഞ് മലയിറങ്ങി. തിരുവാഭരണ വിഭൂഷിതനായ അയ്യപ്പനെ കാണാൻ ഭക്തരുടെ ഇടമുറിയാത്ത പ്രവാഹം തുടരുകയാണ്. തിരുവാഭരണങ്ങൾ അണിഞ്ഞുള്ള ദർശനം നട അടയ്ക്കുന്ന ജനുവരി 19 വരെ ഉ ാവും.

ജനുവരി ഒന്ന് മുതൽ 13,96,457 പേർ വിർച്വൽ ക്യൂ വഴി ദർശനത്തിനായി ബുക്ക് ചെയ്തപ്പോൾ മകരവിളക്ക് ദിവസം മാത്രം 89,939 പേരാണ് വിർച്വൽ ക്യൂ വഴി ബുക്കിംഗ് നടത്തിയത്. വെള്ളിയാഴ്ച്ച അർധരാത്രി മുതൽ ശനിയാഴ്ച്ച അർധരാത്രി വരെ 46712 ഭക്തർ പമ്പയിൽ നിന്ന് സന്നിധാനത്തേക്കെത്തി. ശനിയാഴ്ച്ച പകൽ പമ്പയിൽ നിലയുറപ്പിച്ച ഭക്തർ ശനിയാഴ്ച്ച രാത്രിയിലും ഞായറാഴ്ച്ച പുലർച്ചെയുമായി മലകയറിയെത്തിയത് മകരജ്യോതി ദർശനത്തിന് ശേഷവും സന്നിധാനത്ത് ഭക്തരുടെ തിരക്ക് തുടരാൻ കാരണമായി.

ശനിയാഴ്ച്ച മകരസംക്രമ പൂജയും കഴിഞ്ഞ് രാത്രി നടയടക്കുമ്പോഴും ദർശനപുണ്യം കാത്തുള്ള ഭക്തരുടെ നിര വലിയ നടപ്പന്തൽ കഴിഞ്ഞും നീ  ു. ആന്ധ്ര, കർണാടക, തമിഴ്നാട്, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പ ഭക്തരാണ് ദർശനം നടത്തി മടങ്ങുന്നവരിൽ അധികവും. ശനിയാഴ്ച്ച വൈകിട്ട് 6.50ന് മകരവിളക്ക് ദർശനം കഴിഞ്ഞ ഉടൻ സാന്നിധാനത്തു നിന്നുള്ള ഭക്തരുടെ മടക്കയാത്ര ആരംഭിച്ചിരുന്നു. ദിവസങ്ങൾക്ക് മുമ്പെ എത്തി പർണശാലകൾ തീർത്ത് മകരജ്യോതി ദർശനത്തിനായി കാത്തിരുന്ന അയ്യപ്പഭക്തരാണ് വിളക്ക് ദർശനത്തിന് ശേഷം ഉടൻ മലയിറങ്ങിയത്. ഭക്തരുടെ മലയിറക്കത്തെ തുടർന്നു ാകുന്ന തിരക്ക് നിയന്ത്രിക്കാൻ സന്നിധാനത്ത് പ്രത്യേക യാത്രാ ക്രമീകരണം ഒരുക്കിയിരുന്നു.
മകരവിളക്കിന് ശേഷമാണ് വീ  ും പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള യാത്ര അനുവദിച്ചത്. കൊവിഡിന് ശേഷമുള്ള തീർഥാടന കാലമായതിനാൽ സന്നിധാനത്ത് അയ്യപ്പ ഭക്തരുടെ വലിയ തിരക്ക് സർക്കാരും ദേവസ്വം ബോർഡും പ്രതീക്ഷിച്ചിരുന്നു. ഇതിനായുള്ള ക്രമീകരണങ്ങളായിരുന്നു ഒരുക്കിയിരുന്നത്.

(പി.ആർ. ശബരി- 291)

## വനത്തിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടിക്ക് നിർദേശം

ശബരിമല സന്നിധാനം സ്ഥിതി ചെയ്യുന്ന പെരിയാർ വന്യജീവി സങ്കേതത്തിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കാൻ വനം വകുപ്പിന് സ്പെഷൽ കമ്മീഷണർ ജില്ലാ ജഡ്ജ് എം. മനോജ് നിർദേശം നൽകി. ഉൾവനത്തിൽപോലും മാലിന്യം തള്ളുന്നുവെന്ന് വനം വകുപ്പ് ചൂ  ിക്കാണിച്ചതിനെ തുടർന്നാണ് വനവിശുദ്ധി കാത്തുസൂക്ഷിക്കാൻ കടുത്ത നടപടി സ്വീകരിക്കാനുള്ള നിർദേശം. ശരണപാതകളിൽ വനഭൂമിയിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം നീക്കം ചെയ്യാൻ വന സംരക്ഷണ സമിതിയുടെ സേവനം ഉപയോഗപ്പെടുത്താനും നിർദേശിച്ചു. മാലിന്യങ്ങൾ വന്യജീവികളെ ദോഷകരമായി ബാധിക്കുമെന്നതിനാലാണിത്. മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സ്പെഷൽ കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം അവലോകനം ചെയ്തു.
മകരവിളക്കിന് ശേഷമുള്ള സന്നിധാനത്തെയും പരിസരത്തെയും മാലിന്യങ്ങൾ ര  ു ദിവസത്തിനുള്ളിൽ നീക്കം ചെയ്യുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു. വിശുദ്ധി സേനാംഗങ്ങളും അയ്യപ്പ സേവാ സംഘവും ശുചീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു.

പുല്ലുമേട് പാത വഴി ജനുവരി 19 വരെ തീർഥാടകരെ കടത്തിവിടാൻ പോലീസ് സ്പെഷൽ ഓഫീസർ നിർദേശം നൽകി. ദേവസ്വം ബോർഡിന്റെയും വിവിധ വകുപ്പുകളുടെയും ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ സുരക്ഷിതവും സുഗമവുമായ ദർശനം ഉറപ്പാക്കാൻ സാധിച്ചതായി യോഗം വിലയിരുത്തി. തീർഥാടകരെ മുൻനിശ്ചയിച്ച പ്രകാരമുള്ള പാതകളിലൂടെ സുരക്ഷിതമായി മലയിറക്കാനായി. വരും വർഷങ്ങളിൽ തീർഥാടനം കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ യോഗം ചർച്ച ചെയ്തു.
യോഗത്തിൽ എഡിഎം പി വിഷ്ണുരാജ്, ദേവസ്വം എക്സിക്യുട്ടീവ് ഓഫീസർ എച്ച് കൃഷ്ണകുമാർ, പോലീസ് സ്പെഷൽ ഓഫീസർ ഇ എസ് ബിജുമോൻ, ഡ്യൂട്ടി മജിസ്ട്രേറ്റ് അനിൽ സിഎസ്, ആർഎഎഫ് ഡെപ്യൂട്ടി കമാൻഡന്റ് ജി വിജയൻ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

(പി.ആർ. ശബരി- 292)

# മകരവിളക്കിനു ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി

മകരവിളക്കിനു ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് സന്നിധാനത്ത് തുടക്കമായി. വിശുദ്ധി സേനയുടെ നേതൃത്വത്തിലാണ് ശുചീകരണം ആരംഭിച്ചത്. സന്നിധാനത്തും പരിസരത്തുമാണ് ആദ്യം ശുചീകരണം നടത്തുക. 305 വിശുദ്ധി സേനാംഗങ്ങളാണ് സന്നിധാനത്ത് മാത്രം സേവനമനുഷ്ഠിക്കുന്നത്.
പൊതിഞ്ഞ് വെച്ചിട്ടുള്ള മാലിന്യങ്ങൾ ട്രാക്ടറിൽ കയറ്റി ഇൻസിനറേറ്ററിൽ എത്തിച്ച് സംസ്കരിക്കും. സന്നിധാനത്തെ ശുചീകരണത്തിനു ശേഷം പമ്പയിലും മറ്റിടങ്ങളിലും ശുചീകരണം നടത്തും. അയ്യപ്പഭക്തർ പർണശാല കെട്ടി താമസിച്ചിരുന്ന വനപ്രദേശത്തും ശുചീകരണം നടത്തും. കൂടാതെ മകരവിളക്ക് ദർശിക്കുന്നതിനായി ഭക്തർ തമ്പടിച്ചിരുന്ന വിവിധ വ്യൂ പോയിന്റുകളിലെയും മാലിന്യങ്ങൾ നീക്കും. പുണ്യം പൂങ്കാവനം, പവിത്രം ശബരിമല, അഖില ഭാരത അയ്യപ്പ സേവാസംഘം പ്രവർത്തകരും ശുചീകരണത്തിൽ പങ്കാളികളാകും.

(പി.ആർ. ശബരി- 293)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.